തലശ്ശേരിയിലെ ഡിവിഷണൽ സ്റ്റോർ

512 [567] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിലെ ഇലക്ട്രിസിറ്റി ഡിവിഷണൽ സ്റ്റോർ നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡിവിഷൻ തലസ്ഥാനത്ത് നിലനിൽക്കുന്ന സ്റ്റോർ എന്ന നിലയിൽ അതു നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബോർഡ് ഈ സ്റ്റോർ നിറുത്തലാക്കിയിട്ടുണ്ട്.

(ബി) ഡിവിഷൻ തലത്തിലുള്ള സ്റ്റോർ നിറുത്തുകയും പകരം കൂടുതൽ സൗകര്യപ്രദമായ രീതിയിൽ സർക്കിൾ തലത്തിൽ സ്റ്റോറുകൾ തുടങ്ങുകയും ചെയ്യുന്നതിന് ബോർഡ് 22-4-1985-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതു ചെലവ് കുറയ്ക്കുവാനും, സ്റ്റോറുകളുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കുവാനും കൂടി ആണ്. കണ്ണൂർ സർക്കിളിനോടനുബന്ധിച്ച് തുടങ്ങിയിട്ടുള്ള സ്റ്റോർ തലശ്ശേരി ഉൾപ്പെടെ ഈ സർക്കിളിന്റെ കീഴിലുള്ള എല്ലാ ഡിവിഷനുകളുടേയും ആവശ്യം നിർവ്വഹിക്കുമെന്നുള്ളതുകൊണ്ട് തലശ്ശേരിയിൽ പ്രത്യേകമായൊരു സ്റ്റോറിന്റെ ആവശ്യമില്ല.

വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ

513 [569] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. പി. എ. മജീദ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-6-1986 വരെ വിദ്യുച്ഛക്തി ബോർഡിൽ കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ഉണ്ട്;

(ബി) ഇവർക്കെല്ലാം എന്നത്തേക്ക് കണക്ഷൻ കൊടുക്കാൻ കഴിയും;

(സി) വ്യാവസായികാവശ്യത്തിനുള്ള കണക്ഷനുകളെല്ലാം ഈ വർഷത്തിൽത്തന്നെ നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 1,35,767 അപേക്ഷകൾ.

(ബി) 1987 മാർച്ച് 31-നു മുൻപ് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സാമ്പത്തിക സ്ഥിതി അനുവദിക്കുന്നിടത്തോളം കണക്ഷനുകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly